**പതിനാലാംകേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4605** 13-11-2019 ൽ മറുപടി

**കോങ്ങാട് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ.കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലവിഭവ വകുപ്പ് മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദവിവരം നൽകുമോ? | ഈ സർക്കാർ വന്നതിന് ശേഷം 2016-17 മുതൽ 2019-20 വരെ അതാത് വർഷങ്ങളിൽ കോങ്ങാട് മണ്ഡലത്തിലുൾപ്പെടുന്ന മലമ്പുഴ ജലസേചന പദ്ധതിയുടെ വാർഷിക അറ്റകുറ്റപണികൾക്കായി നോൺപ്ലാൻ ശീർഷകത്തിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി കനാലുകളിൽ അറ്റകുറ്റ പ്രവൃത്തികൾ നടത്തിവരുന്നു. കൂടാതെ പ്രളയത്തിൽ തകർന്ന കനാലുകളുടെ നിർമ്മാണ പ്രവൃത്തികൾ SDRF ൽ (State Disaster Response Fund) ഉൾപ്പെടുത്തി ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ പ്ലാൻ ശീർഷകത്തിൽ കാഡാ ചാനലുകളുടെ നവീകരണത്തിനായി പ്രവൃത്തികൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കേരളാ ജല അതോറിറ്റി മുഖേന കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>1) കിഫ്ബി 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട്-കരിമ്പ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി (ഒന്നാംഘട്ടം) 12.11.2018 ൽ 2830 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഒന്നാം ഘട്ട പ്രവൃത്തികളിൽ പാക്കേജ് 1, പാക്കേജ് 2 എന്നിങ്ങനെ രണ്ടായി തരം തിരിച്ചാണ് പ്രവൃത്തികൾ നടത്തുന്നത്. പാക്കേജ് 1 ൽ ഈ പദ്ധതിയുടെ സ്രോതസ്സായ കാഞ്ഞിരപ്പുഴ ഡാമിനടുത്ത് 12 എം.എൽ.ഡി. ജലശുദ്ധീകരണശാലയും, റോ വാട്ടർ പമ്പ് ഹൗസ്, 450 എം.എം. വ്യാസമുള്ള റോ വാട്ടർ പമ്പിംഗ് |

| | | | |
|---|---|---|---|
| | | | മെയിൻ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ദർഘാസ് ക്ഷണിച്ച് കരാറുകാരനുമായി കരാർ ഒപ്പുവെച്ചു<br>പാക്കേജ് 2 ൽ കരിമ്പ പഞ്ചായത്തിനുവേണ്ടി ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പിങ് മെയിൻ എന്നിവയാണ് ഉൾപ്പെടുന്നത്. ഉന്നതതല ജലസംഭരണിക്കുള്ള പാറക്കലിലുള്ള സ്ഥലം റവന്യൂ വകപ്പിൽ നിന്നും ഇതുവരെ വിട്ടുകിട്ടിയിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ ആരംഭിക്കുന്നതാണ്.<br>2) മണ്ണൂർ, കേരളശ്ശേരി, മങ്കര കുടിവെള്ള പദ്ധതിക്കുവേണ്ടി നബാർഡിൽ ഉൾപ്പെടുത്തി 2530 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. 10 എം.എൽ.ഡി. ജലശുദ്ധീകരണശാല 11 ലക്ഷം ലിറ്റർ ഉന്നതതലജലസംഭരണി (മണ്ണൂർ), 8 ലക്ഷം ലിറ്റർ ഉന്നതതലജലസംഭരണി (കേരളശ്ശേരി), 2.60 ലക്ഷം ലിറ്റർ ക്ലിയർ വാട്ടർ സമ്പ്, റോ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തി നടന്നുവരുന്നു. 30% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ജലനിധി രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി മങ്കര, പറളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ വിവിധ കുടിവെള്ള വിതരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് . വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| നമ്പർ | ഗ്രാമ പഞ്ചായത്ത് | പദ്ധതികളുടെ എണ്ണം | ഗുണഭോക്തൃ കുടുംബങ്ങൾ | തുക (കോടി) |
|---|---|---|---|---|
| 1 | മങ്കര | 1 | 1001 | 4.475 |
| 2 | പറളി | 27 | 3452 | 17.480 |

ഇത് കൂടാതെ ജലനിധി വഴി നടപ്പാക്കിയ സാമൂഹ്യ ഉടമസ്ഥതയിലുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പദ്ധതിക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം കോങ്ങാട് ഗ്രാമപഞ്ചായത്തിലെ 9 സ്കീമുകളുടെ പുനരുദ്ധാരണ നടപടികൾ നടന്നു വരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| നമ്പർ | ജലനിധി സ്കീമിന്റെ പേര് | തുക | പ്രവൃത്തി സംബന്ധിച്ച് നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ആറ്റക്കാട് | 366275 | പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകി ആദ്യ ഗഡു തുക പഞ്ചായത്തുകൾക്ക് നൽകി. ദർഘാസ് നടപടി ആരംഭിച്ചു |
| 2 | ജലപ്രിയ | 346725 | |
| 3 | കസ്തൂർബ | 565000 | |
| 4 | യുവജന | 462875 | |
| 5 | മഹാത്മാഗാന്ധി | 1100000 | |
| 6 | അക്ഷയ | 662000 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു |
| 7 | അമൃത | 673000 | |
| 8 | ജനപ്രിയ | 713000 | |
| 9 | പെരിങ്ങോട് സൗപർണിക | 633000 | |

ജലസേചന വകുപ്പിന്റെ അധീനതയിലുള്ള മറ്റ് പ്രവൃത്തികളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നം. | പ്രവർത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ഫ്ലഡ് ഡാമേജ് പാലക്കാട് ജില്ലയിലെ പറളി പഞ്ചായത്തിലെ എടത്തറയിലെ അഞ്ചുമൂർത്തി അമ്പലത്തിന്റെ സമീപത്തിലുള്ള കണ്ണാടി പുഴയുടെ ചെക്ക് ഡാം കഴിഞ്ഞിട്ടുള്ള പുഴയുടെ തകർന്നു പോയ വലതുകര ബണ്ട് അടക്കുന്ന പ്രവർത്തി - | 1710000 | പണി പൂർത്തികരിച്ചു. |
| 2. | ഫ്ലഡ് ഡാമേജ് പാലക്കാട് ജില്ലയിലെ പറളി പഞ്ചായത്തിലെ എടത്തറയിലെ അഞ്ചുമൂർത്തി അമ്പലത്തിന്റെ സമീപത്തിലുള്ള കണ്ണാടി പുഴയുടെ തകർന്നു പോയ വലതുകര അടക്കുന്ന പ്രവർത്തി - റയിൽവെയുടെ സ്ലീപ്പറിന് മുകളിൽ കോൺക്രീറ്റ് ഉപയോഗിച്ചുകൊണ്ട് | 1155000 | പണി പൂർത്തികരിച്ചു. |
| 3. | ഫ്ലഡ് ഡാമേജ് പാലക്കാട് ജില്ലയിലെ പഴയ പറളി റെയിൽവേ സ്റ്റേഷന് അടുത്തുള്ള ചെക്ക് ഡാമിന്റെ മുകൾ ഭാഗത്തുള്ള പുഴക്കര ഭാഗം അടക്കുന്ന പ്രവർത്തി - റെയിൽവേ ട്രാക്കിന്റെ സ്ലീപ്പറും അതിൽ കോൺക്രീറ്റിങ്ങും ഉപയോഗിച്ച് | 1090000 | പണി പൂർത്തികരിച്ചു. |

| | | | |
|---|---|---|---|
| 4. | ഫ്ലഡ് ഡാമേജ് പാലക്കാട് ജില്ലയിലെ പറളി പഞ്ചായത്തിലെ എടത്തറയിലെ അഞ്ചുമൂർത്തി അമ്പലത്തിനു സമീപത്തിലുള്ള കണ്ണാടി പുഴയുടെ തകർന്നു പോയ വലതുകര അടക്കന്ന പ്രവർത്തി - ചെക്ക്ഡാം പൊട്ടിക്കലും റയിൽവെയുടെ സ്ലീപ്പർ ബണ്ട് നിർമ്മിക്കലും | 1610000 | പണി പൂർത്തികരിച്ചു |
| 5. | ഫ്ലഡ് ഡാമേജ് പാലക്കാട് ജില്ലയിലെ മങ്കര പഞ്ചായത്തിലെ ഭാരതപ്പുഴയ്ക്കടുത്ത് പുളുക്കോട് ഭാഗം പഴയ പറളി ബ്രിഡ്ജിന് കറുകെ ചെയിനേജ് 7/100 കി.മീ ചെക്ക്ഡമിൻറെ അറ്റകുറ്റപണികൾ - അധിക പ്രവൃത്തി | 30,00,000 | പണി പൂർത്തികരിച്ചു |
| 6 | ഹരിതകേരളം റെനോവെഷൻ ഓഫ് ടാക്സ് & പോ്സ്□ പാലക്കാട് ജില്ലയിലെ കേരളശ്ശേരി പഞ്ചായത്തിലെ വാർഡ് നം. 8 പുല്ലാനിപറമ്പിലുള്ള വെള്ളാരികളത്തിൻറെ പാഴ്ചെടികൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി | 73805 | പണി പൂർത്തികരിച്ചു |
| 7 | ഹരിതകേരളം റെനോവെഷൻ ഓഫ് ടാക്സ് & പോ്സ്□ പാലക്കാട് ജില്ലയിലെ കോങ്ങാട് പഞ്ചായത്തിലെ വാർഡ് നം.16 കണ്ടുവർപാടത്തുള്ള പെരുങ്കുളത്തിൻറെ പാഴ്ചെടികൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി | 1,18,000 | പണി പൂർത്തികരിച്ചു |
| 8 | ഹരിതകേരളം റെനോവെഷൻ ഓഫ് ടാക്സ് & പോ്സ്□ പാലക്കാട് ജില്ലയിലെ മണ്ണൂർ പഞ്ചായത്തിലെ വാർഡ് നം. 14 ചവിട്ടിലകുളം പാഴ്ചെടികൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി | 103312 | പണി പൂർത്തികരിച്ചു |
| 9 | ഹരിതകേരളം -റെനോവെഷൻ ഓഫ് ടാക്സ് & പോ്സ്□ പാലക്കാട് ജില്ലയിലെ എടത്തറ പറളി പഞ്ചായത്തിലെ വാർഡ് നം.15 ചാത്തൻകുളം പാഴ്ചെടികൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി | 1,17,000 | പണി പൂർത്തികരിച്ചു |
| 10 | എസ്ഡിആർഎഫ്-പാലക്കാട് ജില്ല കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത് പൂഞ്ചോല | 1.50 lakhs | പ്രവൃത്തിയുടെ സ്ഥലം കരാറുകാരന് കൈമാറിയിട്ടു. |

| | | | |
|---|---|---|---|
| | ഇറിഗേഷൻ സ്കീം പൂഞ്ചോല പുഴയിൽ മേൽപ്പാടം വിയറിലെ മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി | | |
| 11 | എസ്ഡിആർഎഫ്- പാലക്കാട് ജില്ല കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത് രായല്ലൂരിത്തോട് ബണ്ട് റിപ്പയർ | 9.60 lakhs | പ്രവൃത്തിയുടെ സ്ഥലം കരാറുകാരന് കൈമാറിയിട്ടു. |
| 12 | എസ്ഡിആർഎഫ്- പാലക്കാട് ജില്ല കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത് പൂഞ്ചോല ഡൈവേർഷൻ സ്കീമിലെ മാന്തോണി U.T. റിപ്പയർ | 25.00 lakhs | പ്രവൃത്തിയുടെ സ്ഥലം കരാറുകാരന് കൈമാറിയിട്ടു. |
| 13 | എസ്ഡിആർഎഫ് - പാലക്കാട് ജില്ല കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്ത് പാമ്പൻതോട് ഹെഡ് ഡൈവേർഷൻ സ്കീമിലെ പാമ്പാൻതോട് കനാലിൻറെ റിപ്പയർ | 4.50 lakhs | പ്രവൃത്തിയുടെ സ്ഥലം കരാറുകാരന് കൈമാറിയിട്ടു. |
| 14 | എസ്ഡിആർഎഫ് - പാലക്കാട് ജില്ല കാരാകുറിശ്ശി ഗ്രാമ പഞ്ചായത്ത് വാർഡ് നം.12 ലെ പള്ളത്തിതോട് സൈഡ് ബണ്ട് റിപ്പയർ | 3.6 ലക്ഷം | സാങ്കേതികാനുമതിയ്ക്കുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 15 | പിഎം. കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പൂഞ്ചോല എം.ഐ.ക്ലാസ്സ് 1 ഡൈവേർഷൻ സ്കീം | 9.50 ലക്ഷം | സാങ്കേതികാനുമതിയ്ക്കുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 16 | പി.എം കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പാമ്പാൻതോട് എം.ഐ.ക്ലാസ്സ് 1 | 6 ലക്ഷം | സാങ്കേതികാനുമതിയ്ക്കുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 17 | എഫ്ഡി തച്ചമ്പാറ ഗ്രാമപഞ്ചായത്തിലെ ചെന്തൻതോട്ട ചെക്ക് ഡാമും, മച്ചാൻതോട് കനാലും അറ്റകുറ്റപണികൾ | 5 ലക്ഷം | സാങ്കേതികാനുമതിയ്ക്കുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 18 | നബാർഡ് RIDF XXI കരിമ്പ ഗ്രാമപഞ്ചായത്തിലെ മണ്ണാത്തിപ്പാറ കല്ലടിക്കോട് ഇപ്പനാട് പുഴയ്ക്ക് കുറുകെ ചെക്ക്ഡാം നിർമ്മാണം | 98 ലക്ഷം | 30/08/2019-ൽ പണി പൂർത്തികരിച്ചു. |
| 19 | ഹരിതകേരളം – തച്ചമ്പാറ പഞ്ചായത്തിലെ നീലഞ്ചേരികുളം നവീകരണം | 0.728 ലക്ഷം | പണി പൂർത്തികരിച്ചു. |
| 20 | ഹരിതകേരളം – കരിമ്പ പഞ്ചായത്തിലെ കരുവുകുളം നവീകരണം | 0.58 ലക്ഷം | പണി പൂർത്തികരിച്ചു. |
| 21 | എസ്ഡിആർഎഫ് - പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിലെ പറളി ചെക്ക്ഡാമിൻറെ D/S ൽ കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമ്മാണം ആദ്യ ഭാഗം | 20,00,000 | ടെർ നടപടികൾ പൂർത്തികരിച്ചു |
| 22 | എസ്ഡിആർഎഫ്- പാലക്കാട് ജില്ലയിലെ പറളി ഗ്രാമപഞ്ചായത്തിലെ പറളി ചെക്ക്ഡാമിൻറെ D/S ൽ കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമ്മാണം രണ്ടാം ഭാഗം | 20,00,000 | ടെർ നടപടികൾ പൂർത്തികരിച്ചു |
| 23 | എസ്ഡിആർഎഫ് - മങ്കര പഞ്ചായത്തിലെ പള്ളിക്കോട് ഭാഗം ചെക്ക്ഡമിൻറെ D/S ൽ സംരക്ഷണ ഭിത്തി നിർമ്മാണം | 15,00,000 | പ്രവൃത്തിയുടെ സ്ഥലം കരാറുകാരന് കൈമാറിയിട്ടു. |

സെക്ഷൻ ഓഫീസർ